61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 - 7 കോഴിക്കോട്

Item Code: 944 Participant Code: 111

നവമാധ്യമങ്ങളും മലയാളികളുടെ സാമൂഹിക ജീവിതവും

# പുതുമകളുടെ ലോകം

'പുതുമകൾ' മനുഷ്യമനസ്സുകളെ നിരന്തരം മുന്നോട്ട് വലിക്കുന്ന പ്രേരണയാണ്. ആ പ്രേരകശക്തിയിൽ മുന്നോട്ട് ചലിക്കുന്ന കഥാനായകരായ നാം, കണ്ടെത്തുന്ന ഓരോ ചിത്രത്തിലും തന്റെ പാദമുദ്ര പതിപ്പിക്കാനുള്ള ഒരാത്മാർഥശ്രമം നടത്താറുമുണ്ട്. ആ ശ്രമങ്ങളിൽ ഭൂരിഭാഗവും ആത്മനിർവൃതിയുടെയും സംതൃപ്തിയുടെയും ഫലത്തിനുവേണ്ടിയാണെങ്കിൽ കൂടിയും കാലമേൽപ്പിക്കുന്ന നിർബന്ധബുദ്ധിയിൽ പുതിയ പാതകൾ തേടി ഇറങ്ങിത്തിരിയുന്നവരുമുണ്ട്. മനുഷ്യന്റെ പരിണാമവഴികളിലൂടെ ഒരു തിരിഞ്ഞുനോട്ടം നടത്തുകയാണെങ്കിൽ അവ വിളിച്ചുപറയുന്നതും ഈ യാഥാസ്ഥിതികതയ്ക്ക് ഒരു മറുവാക്കാകില്ല.

വനാന്തരങ്ങളിൽ വേട്ടയാടിയും കാട്ടുപഴങ്ങൾ ഭക്ഷിച്ചും നടന്നവർ, സ്ഥിരമായി വാസസ്ഥലങ്ങൾ ഉണ്ടാക്കാൻ തുടങ്ങിയതും കുടുംബജീവിതം ആരംഭിച്ചതും ചരിത്രമായിരുന്നു. അവയ്ക്ക് മൂലകാരണമായി നിലകൊണ്ടതോ, 'കൃഷി' എന്ന സംസ്കാരത്തിന്റെ ഉയർന്നുവരവും. നാം നടന്നുതീർത്ത വഴികൾ തന്നെ നമ്മുടെ കാൽമുദ്രകളെ അടയാളപ്പെടുത്തുന്നു. പുതിയ കോണുകളിലേക്ക്

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

മനുഷ്യർ തിരിയുമ്പോൾ പുതിയ ജീവിതച്ഛായകൾ സാക്ഷിയായ് നിലകൊള്ളുന്നു എന്നതിന്റെ ഓർമ്മപ്പെടുത്തലാണത്. പതിനായിരക്കണക്കിന് വർഷങ്ങൾക്കിപ്പുറം മനുഷ്യൻ ഒരു സമൂഹജീവി ആയി മാറിക്കഴിഞ്ഞതിനുശേഷവും അവനിലെ അന്വേഷണാത്മകതയും പുതുമ തേടിയുള്ള അലച്ചിലും അനുസ്യൂതം തുടർന്നുകൊണ്ടേയിരിക്കുന്നു.

കാലഘട്ടം മാറിക്കൊണ്ടിരിക്കുന്നു. ശിലകളുടെയും വനാന്തരങ്ങളുടെയും ചിത്രങ്ങളും ചരിത്രത്തിലേക്ക് മടങ്ങിയിരിക്കുന്നു. ഭൗതികപരമായും ബൗദ്ധികപരമായും പൂർണ്ണ വികാസം പ്രാപിച്ച മനുഷ്യനിന്ന് തന്റെ കർമ്മമേഖലയുടെ വ്യാപ്തിയും അവനോളം വലുതാക്കിയിരിക്കുന്നു. സാങ്കേതികതയുടെ കാലത്തിലേക്ക് വളരുമ്പോൾ ഒരു സാങ്കേതികപദമായി അല്ലെങ്കിൽ പര്യായമായി മനുഷ്യനെ ഭാഷാനിഘണ്ടുകൾ അടയാളപ്പെടുത്തുന്നു. ഭൂമിയെപോലും അതിരായി പരിഗണിക്കാൻ കഴിയാത്ത അവന്റെ ഇടത്തിൽ പുതുമകൾ പൊട്ടിമുളച്ചുകൊണ്ടേയിരുന്നു. അതിലിന്നും ഏറെ തിളക്കമുള്ളത് മാധ്യമരംഗത്ത് അവൻ കണ്ടെത്തിയ നവീനതകൾ തന്നെ. നവമാധ്യമരംഗം ചർച്ചാവിഷയമാകുന്ന ഇക്കാലത്ത് മനുഷ്യനേക്കാൾ അവന്റെ ഔത്സുക്യം തന്നെയാണ് എടുത്തുപറയേണ്ടതായി വരുന്നത്. വിലയിരുത്തലുകൾക്ക് വിധേയമാക്കുമ്പോൾ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ഒരു സമൂഹത്തെ ഒന്നടങ്കം പരിഗണിക്കേണ്ടതായിവരുമെങ്ക-
ലും മലയാളികളിൽ നമുക്കുള്ള ചിരപരിചിതത്വം നമ്മുടെ ജോലി
ലഘൂകരിക്കുന്നു. അതെ, മലയാളികളും നവമാധ്യമരംഗത്തെ
കുതിപ്പുകൾ തന്നെ.

മാധ്യമങ്ങളുടെ കണ്ടുപിടിത്തങ്ങളുടെ തുടക്കം
മനുഷ്യന്റെ കൗമാരദശയിലാണെന്നു പറയാം. ഒരു സമൂഹ
ജീവിയായി തീർന്നതും, അവന്റെ ആവശ്യങ്ങൾ മാത്രം നിർവഹിച്ച്
മുന്നോട്ട് പോകാൻ കഴിയില്ലെന്ന തിരിച്ചറിവിലാവണം മനസ്സുക-
ളെ തമ്മിൽ ബന്ധിക്കാൻ മറ്റുചില വഴികൾ അവൻ തേടിയത്.
ഒരു കൂട്ടായ്മയിൽ മാത്രം നയിക്കാൻ കഴിയുന്ന ജീവിതത്തിന്റെ
അർത്ഥതലങ്ങളിലേക്ക് അപ്പോഴേക്കും അവൻ എത്തിയിരുന്നു.
മംഗോളിയൻ ഭരണാധികാരിയായ ചെങ്കിസ്ഖാൻ ആരംഭിച്ച കൊറി-
യർ സമ്പ്രദായത്തിൽ നിന്നും 1973 ൽ മാർട്ടിൻകൂപ്പർ കണ്ടുപി-
ടിച്ച സെൽഫോണിലേക്കുള്ള ദൂരം അത്ര ചെറുതൊന്നുമല്ല-
ങ്കിലും നവീനതയിലേക്കുള്ള മനുഷ്യന്റെ പ്രയാണത്തിന്റെ
പ്രേരകശക്തി അതുല്യമായിരുന്നു. സ്വയം പരിണമിക്കാനും
അതുവഴി ചുറ്റുമുള്ളവരെ വിശാലരാക്കാനും എന്നും മുന്നി-
ട്ടിറങ്ങുന്ന മനുഷ്യസഹജമനോഭാവം ഈ യാത്രയിൽ തുണ-
യായി തീർന്നിട്ടുണ്ടാകാം എന്ന കാര്യത്തിൽ യാതൊരു സംശയവു-
മില്ല. മലയാളികളെ സംബന്ധിച്ചിടത്തോളം അറുപതുക-

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ളിലാണ് മൊബൈൽ ഫോണും മറ്റ് നവമാധ്യമങ്ങളും രംഗപ്രവേശം ചെയ്യുന്നത്. അതുവരെയും പത്രവും റേഡിയോയും കത്തുകളും മാത്രം കണ്ടിരുന്ന ഒരു കൂട്ടർക്ക് മൊബൈൽ ഫോണിന്റെ വരവ് അത്ഭുതമായും അതിലേറെ ആവേശമുമായിരുന്നു. ഓരോ കണ്ടുപിടിത്തത്തിലേക്കും നയിക്കുന്നത് ആവശ്യകതയാണെന്ന് പറയുന്നതുപോലെ അന്ന് ആ കാലഘട്ടത്തിൽ അത്രയേറെ സൗകര്യപ്രദമായ, ജനപ്രീതിയുള്ള ഒരുപകരണം ജനങ്ങൾക്ക് ആവശ്യമായിരുന്നു. വിവരങ്ങളുടെ കൈമാറ്റം വളരെ പെട്ടെന്ന് സാധ്യമായെന്ന് മാത്രമല്ല അവയുടെ ആധികാരികതയും ഉപഭോക്താക്കൾക്ക് വിശ്വാസയോഗ്യമായിരുന്നു.

എന്നാൽ ഇന്ന് നമ്മളിൽ ചിലരെങ്കിലും നവമാധ്യമരംഗത്തെ കല്ലുകടികൾ വേദനിപ്പിക്കാത്തവരുണ്ടാവില്ല. അധികമായാൽ അമൃതും വിഷം എന്ന ചൊല്ലുപോലെ നിരന്തരമായ ഉപയോഗം അല്ലെങ്കിൽ വശങ്ങളിൽ നിന്ന് തെന്നിമാറിയ ഉപയോഗം നവമാധ്യമങ്ങളുടെ, ഉപയോഗത്തേക്കാൾ അവയുടെ ദൂഷ്യഫലങ്ങളെ നമ്മുടെ മുന്നിലേക്ക് നീട്ടിത്തരുന്നു. നമ്മൾ മലയാളികൾക്ക് ആകാശവാണിയും റേഡിയോ പ്രക്ഷേപണങ്ങളും ഒരു വികാരമായിരുന്ന കാലമുണ്ടായിരുന്നെങ്കിൽ, പഴയ കാലത്ത് വാങ്ങിവെച്ച എത്രയെങ്കിലും റേഡിയോ ഉണ്ടെങ്കിൽ കൂടി അത് വിറ്റ് കാശാക്കാനുള്ള ഒരു മനോഭാവം ഇന്ന്

ആയുധമായിരിക്കുന്നു. ഈ കമ്പ്യൂട്ടർ മനോഭാവം പലപ്പോഴും മല-
യാളിക്ക് വിനയായി തീർന്നിട്ടുണ്ട്. പരിസ്ഥിതിയെയും മണ്ണിനെയും പെറ്റ
അമ്മയെ പോലും ഒരു ഉപഭോഗസംസ്കാരത്തിന്റെ ഭാഗമായി
മാത്രം കാണുന്ന പുതുതലമുറയുടെ ബാക്കിപത്രമാവാം അത്.
രാവിലെ എഴുന്നേറ്റയുടൻ പത്രം വായിക്കുന്നതിൽ നിന്നും
സമൂഹമാധ്യമങ്ങളിലെ സന്ദേശത്തിരക്ക് നിയന്ത്രിക്കുന്ന ഒരു
ട്രാഫിക് പോലീസാവാൻ മലയാളി പടവുകൾ ചവിട്ടിക്കയറിയത്
വളരെ പെട്ടെന്നായിരുന്നു. അത് ഒരു കയറ്റം തന്നെയായിരു-
ന്നുവോ എന്ന ചോദ്യം മനസ്സിൽ അവശേഷിക്കുന്നുവെങ്കിലും.

മുമ്പ് സൂചിതമായതുപോലെ മനുഷ്യന്റെ കണ്ടുപിടി-
ത്തങ്ങൾ ആത്യന്തികമായി അവന്റെ നന്മയ്ക്കായിരുന്നു. അവന്റെ
ആവശ്യങ്ങൾ നിറവേറ്റുന്നതിനായിരുന്നു. കൊറോണയുടെ സമ-
യത്ത് രാജ്യം ഒട്ടാകെ ലോക്ഡൗണിലായപ്പോൾ നമുക്കത്
ബോധ്യമായതുമാണ്. വിദ്യാഭ്യാസ ഭാവി പോലും ചോദ്യചിഹ്നമാ-
യപ്പോൾ നവമാധ്യമങ്ങളിലൂടെ വിദ്യാഭ്യാസം കുട്ടികളിലെത്തി.
മനുഷ്യനെ മനുഷ്യനാക്കുന്ന ആത്മബന്ധങ്ങൾ ഓൺലൈനിൽ
തുടർന്നു. വിർച്വൽ ജീവിതത്തിൽ വികാരങ്ങളും വിചാര-
ങ്ങളും ഒരുപോലെ കേറിക്കൂടി. ഇവയുടെ ജന്മലക്ഷ്യ-
ങ്ങൾ സാക്ഷാൽക്കരിക്കപ്പെടുന്ന മുഹൂർത്തത്തിനായിരുന്നു
നാം മലയാളികൾ സാക്ഷ്യം വഹിച്ചത്. എന്നാൽ അതിന്റെ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

പിന്നാമ്പുറങ്ങളിലേക്ക് തിരിയുമ്പോഴാണ് പ്രശ്നം അതിലേറെ ഗൗരവമുള്ളതാവുന്നത്. നവമാധ്യമങ്ങൾ പലപ്പോഴും സമൂഹത്തിൽ സൃഷ്ടിക്കുന്നത് ഡിജിറ്റൽ വിഭജനമാണ്. വാസ്കോഡഗാമയുടെ വരവുമുതൽ, വെള്ളക്കാരുടെ കൊള്ളയടിവരെയും നവോത്ഥാന നായകരുടെ പോരാട്ടങ്ങളും മലയാളി സമൂഹത്തിൽ നിലകൊണ്ട നാനാജാതിമത-സാമൂഹിക- സാമ്പത്തിക- രാഷ്ട്രീയ വേർതിരിവുകളുടെ ഉന്മൂലനവും നാം പഠിച്ചറിഞ്ഞതാണ്. നമ്മുടെ പിന്മുറക്കാരുടെ ഇച്ഛാശക്തികൊണ്ട് ഈ വിഭജനങ്ങളെയൊക്കെയും മറികടന്ന നമുക്ക് പുതിയകാലം സമർപ്പിക്കുന്ന വെല്ലുവിളിയായി ഡിജിറ്റൽ വിഭജനം മാറുന്നത് ഇങ്ങനെയാണ്. ഇന്നും എല്ലാവർക്കും ലഭ്യമായ ഒന്നല്ല നവമാധ്യമങ്ങളും അനുബന്ധ സാമഗ്രികളും. ഇവയൊക്കെ പ്രാപ്യമാക്കാനുള്ള ശേഷിയുണ്ടെങ്കിൽകൂടിയും ഇവയിൽ അറിവ് സ്വാംശീകരിക്കാനുള്ള സാധ്യതകൾ ഇല്ലാത്തവരുമുണ്ട്. ഒരു സമൂഹത്തിൽ അതുകൊണ്ട് തന്നെ നവീനന്മാരെന്ന് സ്വയം ചമയുന്നവരൊക്കെയും ഇതിന്റെ മുൻഗണന അനുഭവിച്ചു പോരുന്നു. ഭാവികേരളത്തിൽ ഈ സാഹചര്യം ഉയർത്തിയേക്കാവുന്ന വെല്ലുവിളികൾ നമ്മുടെ സങ്കൽപനങ്ങൾക്കും മീതെയാവും. ഒരു കൂട്ടർക്ക് സാങ്കേതിക സാഹചര്യത്തിന്റെ അഭാവമാണെങ്കിൽ മറ്റുചിലർ വീർപ്പുമുട്ടുന്നത് അതിന്റെ സമ്പന്നതയിലാണ്. ലഹരിക്കടിമ-

പെടുന്ന പുതുതലമുറ സാമൂഹിക മാധ്യമങ്ങൾക്കും അടിമപ്പെടുന്നു എന്ന സത്യത്തെ വർത്തമാനകേരളത്തിന്റെ അന്തരീക്ഷത്തിൽ നിന്നും തുടച്ചുകളയാൻ കഴിയില്ല. അമേരിക്കയിലെ കാൻഡിക്രഷ് ഗെയിമിന്റെ അഡിക്ടുകളെ മോചിപ്പിക്കാൻ ആരംഭിച്ച ഡീ അഡിക്ഷൻ സെന്റർ പത്രമാധ്യമങ്ങളിൽ നിറഞ്ഞു നിന്നിരുന്നതാണ്. ഒരു ശാസ്ത്രീയ വിശകലനത്തിനു വിധേയമാക്കുകയാണെങ്കിൽ മദ്യപാനികളെയും പുകവലിക്കുന്നവരെയും പോലെ സാങ്കേതികവിദ്യയ്ക്ക് അടിമപ്പെട്ട മനുഷ്യനെയും കാണാം. പ്രത്യേകിച്ച് നമ്മുടെ കേരളത്തിൽ. നമ്മുടെ സ്വത്വത്തിന്റെയും ആത്മീയതയുടെയും അതിർവരമ്പുകൾ പലപ്പോഴും ലംഘിക്കാനുള്ള ഇടമായി നവമാധ്യമങ്ങൾ മാറുന്നു. സ്വകാര്യത തീർത്തും നിരർഥകമായ പദമായി ചിതലരിഞ്ഞു മരിക്കുന്നു. സ്വയം മറന്ന് സന്തോഷത്തിന്റെ, അല്ലെങ്കിൽ ആത്മരതിയുടെ ഒരു വിസ്ഫോടനം തീർക്കാൻ ഒരുപകരണമായി നാം പലപ്പോഴും അപകടത്തെ കീശയിൽ കൊണ്ടുനടക്കുന്നു. ആരോഗ്യകരമായ പ്രശ്നങ്ങൾക്കപ്പുറമാണ് മാനസികമായും വൈകാരികമായും നവമാധ്യമങ്ങൾ തീർക്കുന്ന കടിഞ്ഞാണുകളെന്ന് പറയാതിരിക്കാൻ വയ്യ. നമ്മുടെ അനുഭവങ്ങൾ വിളിച്ചോതുന്നതും പൊതുവെ ആർക്കും ഉൾക്കൊള്ളാൻ കഴിയാത്ത ഈ നഗ്നസത്യം തന്നെ. ഈ അപകടക്കെണിയിൽ

പ്പെട്ടു എന്ന് നാം മലയാളികൾ പലപ്പോഴും ഉൾക്കൊള്ളാത്തത് അതിൽ നിന്നും ഒരു പിന്മാറ്റൽ ഇനി സാധ്യമല്ല എന്ന വസ്തുത മനസ്സിനെ വരിഞ്ഞുമുറുക്കുന്നതുകൊണ്ടാവണം. മറ്റുള്ളവർ മരിക്കുന്നതു കാണുകയും എന്നാൽ സ്വയമേ എരിയുന്നതു ഒരാനന്ദമായി മാത്രം അനുഭവവേദ്യമാവുകയും ചെയ്യുന്ന വിചിത്രമായ അനുഭവം പുതുതലമുറയെ വേട്ടയാടിക്കൊണ്ടിരുന്നിരിക്കണം.

കറുത്തനിറത്തെ വെറുക്കുന്ന പൊതുസ്വഭാവം പുലർത്തുന്ന നമുക്ക് ഒരുപക്ഷേ ആദ്യമേ തന്നെ കറുത്ത വശങ്ങളെപ്പറ്റി പറയുക എന്നത് മടുപ്പിക്കുന്ന കാര്യമായിരിക്കാം. എന്നാൽ പലപ്പോഴും ഒരു സംഭവത്തെ അന്വേഷിച്ചറിയുന്നത് അതിന്റെ പരിമിതമായ ആ വശത്തെ കുറിച്ചു തന്നെയാവും. താൻ ലോകം കണ്ടെന്ന അഹങ്കാരത്തിൽ അവിടെ തന്നെയിരിക്കുന്ന നമുക്ക് നഷ്ടമാവുന്ന വർണങ്ങളുടെ ലോകം പലപ്പോഴും നാം തിരിച്ചറിയുകയുമില്ല. ഒരു പക്ഷേ ഒരടി മുന്നോട്ട് വെക്കാൻ നാം ധൈര്യം കാണിച്ചിരുന്നെങ്കിൽ പുതിയ ലോകത്തിന്റെ കാഴ്ചകൾ വെളിച്ചത്തിന്റേതാകുമായിരുന്നു. ആ വെളിച്ചം ലോകത്തെ മുഴുവൻ കാട്ടിക്കൊടുക്കുവാനും നമുക്ക് കഴിയുമായിരുന്നു. നമ്മൾ മലയാളികൾക്ക് പലപ്പോഴും അവിടെയാണ് പിഴച്ചതെന്ന് കുറ്റബോധത്തോടെ സമ്മതിക്കേ-

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

ടി.വിയും. പിന്നെ പത്രങ്ങളുമായിരുന്നു, അല്ലെങ്കിൽ റേഡിയോ ആയിരുന്നു. അന്നത്തെ കാലം അതുകൊണ്ടുതന്നെ മനോഹര-മായിരുന്നു എന്ന അഭിപ്രായം സാർവത്രികമായി അംഗീകരി-ക്കാൻ കഴിയില്ല. മനുഷ്യൻ മനുഷ്യനെ തൊട്ടറിഞ്ഞ, വ്യക്തിത്വത്തി-ന്റെ മണമുള്ള, പത്രത്താളുകളിൽ തിരയുന്ന ആനുകാലികതയുടെ നനവുള്ള ഒരു കാലഘട്ടം സുവർണമായിരുന്നു എന്ന് പറയുന്ന-തിൽ തെറ്റില്ല. എന്നാൽ ഇന്ന് അവയുടെ തിരോധാനം ഏൽപ്പിക്കുന്ന വിള്ളൽ വർണ്ണനാതീതമാണ വിവരണാതീതമാണെന്ന് പറയുന്നതിൽ അർത്ഥവുമില്ല. കാരണം കാലഘട്ടത്തിനനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടേ തീരൂ. അല്ലെങ്കിൽ ചലിക്കുന്ന ലോകത്തിൽ നാം എന്നും നിശ്ചലമായിരിക്കും. മുമ്പ് കൈയിലേന്തിയിരുന്ന ആയുധങ്ങൾ വിസ്മരിക്കരുതെന്ന് മാത്രമേ അവിടെ പറയാൻ കഴിയുകയുള്ളൂ. കുതിക്കുന്ന ശാസ്ത്രരംഗത്തിന് മുതൽക്കൂട്ടായ് അതുകൊണ്ട് തന്നെയാണ് നവമാധ്യമങ്ങൾ അവതരിപ്പിക്കപ്പെ-ട്ടതും. ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രം പോലെ ഇരുട്ടിന് തെളിച്ചമായ് പരിമിതികളെ ആവശ്യങ്ങൾ കൊണ്ട് മറികടക്കാൻ അവ പര്യാപ്തമായിരുന്നു താനും. നവമാധ്യമങ്ങളെ കേവല-മൊരു ഉപകരണമായി സങ്കൽപിക്കുന്നതിനു പകരം മനുഷ്യ-ന്റെ പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങളെ പുതിയ കാലത്തിന്റെ രീതിയിൽ തന്നെ സാധ്യമാക്കാനുള്ള ഒരാശയമായി

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 - 7 കോഴിക്കോട്
61st Kerala School Kalolsavam Kozhikode, Jan. 3 to 7
Date: ........

Item Code: 944 Participant Code: 111

പരിഗണിക്കുമ്പോൾ അതിന്റെ അർത്ഥവ്യാപ്തിയുമേറുന്നു. മലയാ-
ളികളെ സംബന്ധിച്ചിടത്തോളം ഇന്ന് അവന്റെ വായന
ശാഖകളിലേക്കെത്താൻ ഇ-വായന ചെയ്തുകൊടുക്കുന്ന
സഹായങ്ങൾ ഏറെ വലുതാണ്. വിജ്ഞാനത്തെ വിരൽത്തു-
മ്പിലെത്തിക്കാൻ മലയാളി ഇന്ന് ശീലിച്ചിരിക്കുന്നു. ഒരുതരത്തിൽ
നവമാധ്യമരംഗത്ത് നാം കൈവരിച്ച പുരോഗതി അടയാളപ്പെടു-
ത്തുന്നത് നമ്മുടെ തന്നെ ഔന്നത്യമല്ലേ! ആത്യന്തികമായി സാ-
ങ്കേതികവിദ്യയെ മനുഷ്യൻ ഉപയോഗിക്കുകയും മനുഷ്യനെ സാങ്കേ-
തികവിദ്യ ഉപയോഗിക്കാത്തതുമായ കാലം വരെ ഇത് അനന്തമായ
സാധ്യതകളുടെ ലോകം തന്നെയാണ് എന്ന കാര്യത്തിൽ യാതൊരു
തർക്കവുമില്ല. ഏതൊരു വസ്തുതയെയും കീറിമുറിക്കേണ്ട-
തായി വരുന്ന സാഹചര്യത്തിൽ മുന്നിലേക്ക് കടന്നുവരുന്ന
അതിന്റെ എല്ലാ വശങ്ങളും വിശകലനത്തിന് വിധേയമാക്കി
യേ മുന്നോട്ട് പോകാൻ കഴിയൂ എന്നതുകൊണ്ടാണ് പലപ്പോഴും
നമുക്ക് അത് പറയേണ്ടിവരുന്നതും. നിയന്ത്രണവിധേയമാ-
യവയൊക്കെയും നിയന്ത്രണവിധേയമാക്കുകയെന്ന സാമാന്യാശ-
യത്തെ മുറുകെപ്പിടിച്ചോരാളെ സംബന്ധിച്ചിടത്തോളം
സാങ്കേതികജീവിതമുയർത്തുന്ന വെല്ലുവിളികൾ പലപ്പോഴും
അതിന്റെ തന്നെ വെളിച്ചത്താൽ മറികടക്കാൻ സാധിക്കുന്നു.
കേരളീയസംസ്കാരത്തിന്റെ ഭാഗമാണ് നമ്മുടെ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

തനതിടങ്ങൾ കാത്തു രക്ഷിക്കുകയെന്നത്. മലയാളത്തിന്റെ 'ശ്രീ' വൈലോപ്പിള്ളി പറഞ്ഞതുപോലെ യന്ത്രങ്ങൾ സാങ്കേതികവിജ്ഞാനം ചികയുമ്പോഴും നമ്മുടെ മനസ്സിലെ കണിക്കൊന്നയായി നമ്മുടെ പൈതൃകം കാത്തു സൂക്ഷിക്കുകയെന്നതാണ് നമ്മുടെ നാടിനോട് നമുക്ക് കാട്ടുവുന്ന ഏറ്റവും ധാർമികപരമായ ഉത്തരവാദിത്തം. അറിവുകളിൽ നിന്ന് തിരിച്ചറിവുകളിലേക്ക് കുതിക്കുന്ന മനുഷ്യന്റെ പരിണാമചരിത്രത്തിൽ ബൗദ്ധികപരമായ അവന്റെ നേട്ടങ്ങൾ അവനോളം പ്രാധാന്യമർഹിക്കുന്ന തന്നെയാണെന്ന പൂർണബോധ്യമുണ്ടാവണം. നവമാധ്യമരംഗത്ത് മലയാളിത്തം തിരയുകയെന്നത് അനൗചിത്യം തന്നെയാണ്. പുതുമയുടെ തീരത്ത് ഏതൊരു പാരമ്പര്യവാദവും അങ്ങനെയേ നിലകൊള്ളൂ. അതുകൊണ്ട് തന്നെയാണ് മനുഷ്യൻ മറ്റ് ജീവികളിൽനിന്നും വ്യത്യസ്തമാവുന്നത്. കാലഘട്ടത്തിന്റെ പുതിയ മാറ്റങ്ങളെ ഉൾക്കൊള്ളുന്നതിനോടൊപ്പം പുതിയ കാലം ഏൽപ്പിക്കുന്ന ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനും നാം തയ്യാറാവണം എന്നതാണ്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ഈ ദശകത്തിൽ ഇന്ന് നാം സങ്കൽപിക്കുന്ന ലോകമാവില്ല നാളെ. അതുകൊണ്ട് തന്നെ മുമ്പേ എഴുതിവെച്ച ഒരു വഴിയിലൂടെ സഞ്ചരിക്കുകയെന്നതും സാധ്യമല്ല. നമ്മുടെ അറിവിന്റെ വാതാ-

ധനങ്ങളെ അതിന്മേൽ വികസിക്കാനൊരു ഉപാധിയായി നമുക്ക് നവമാധ്യമങ്ങളെയും കാണാം. പൊങ്ങച്ചത്തിന്റെയോ ആഡംബരത്തിന്റെയോ അല്ല. കാലഘട്ടത്തിന് നിറവേകുന്ന സാങ്കേതികതയുടെ ഭാഗവാക്കാകാൻ നമുക്ക് കഴിയേണ്ടതുണ്ട്. മാനവികതയുടെ മുഖം വിസ്മരിക്കപ്പെടുന്ന സാഹചര്യത്തിൽപോലും ഓർമ്മപ്പെടുത്തലായ് മാധ്യമങ്ങൾക്ക് നിലകൊള്ളാൻ കഴിയുമെന്നതിന്റെ പ്രകടമായ ഉദാഹരണമാണ് നമ്മുടെ ദിനപത്രങ്ങൾ. പഴയകാലത്തിന്റേതെന്നോ പുതിയ കാലത്തിന്റേതെന്നോ അവകാശപ്പെടാൻ കഴിയാത്ത എല്ലാ കാലത്തിന്റേതുമായ മാധ്യമങ്ങളെ നെഞ്ചോടണയ്ക്കുകയെന്നതാണ് മനുഷ്യത്വത്തിന് ഇന്നിന്റെ നിർവചനമായ് നൽകാൻ കഴിയുന്നത്. കാരണം മാധ്യമമെന്നത് ആശയത്തിന്റെ സംവഹനത്തിനൊരു പാധിയാണ്. അത് കേവലമൊരു ഉപകരണമോ ~~[illegible]~~ യന്ത്രസാമഗ്രിയോ കടലാസുകൂട്ടമോ അല്ല. ഒരു സമൂഹത്തിന്റെ വികാരവും വിചാരവും കോർത്തിണക്കിയ ആശയമാണ്. അവയുടെ പുതുമതേടിയുള്ള സഞ്ചാരമായാണ് നവമാധ്യമങ്ങളെയും വ്യാഖ്യാനിക്കാൻ സാധിക്കുക.

സാമൂഹികപരമായി മലയാളിയെ ഒന്നിപ്പിക്കുന്നതിൽ കേന്ദ്രബിന്ദുവായി ~~[illegible]~~ നവമാധ്യമങ്ങളെ പരിഗണിക്കാനാണ് പ്രളയത്തിന്റെ, കൊറോണയുടെ കാലം നമ്മെ ഓർമിപ്പിക്കുന്നത്.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

Item Code: 944 Participant Code: 111

അവനവനിലേക്ക് ചുരുങ്ങുന്നതായി തൊട്ട് മുമ്പ് വരെ പറഞ്ഞിരുന്നെങ്കിലും ഇന്ന് കൂട്ടായ്മയുടെ അടയാളം തന്നെയാണത്. സാമൂഹികജീവിയായ നമ്മെ സമൂഹത്തിൽ നിന്നും വേർപെടുത്താൻ കഴിയില്ലെന്നും പ്രതിസന്ധിയുടെ കാലഘട്ടത്തിലും ഈ പ്രവണതയ്ക്ക് മാറ്റമുണ്ടാകില്ലെന്നും പോയകാലം തെളിയിക്കുന്നു. ശാസ്ത്രചിന്തയ്ക്ക് പ്രാധാന്യമർഹിക്കുന്ന കാലത്ത് ശാസ്ത്രാവബോധം പരത്താനും, ബൗദ്ധികോണർവ് നൽകേണ്ടുന്ന സാഹചര്യത്തിൽ പ്രചോദനം പടർത്താനും ഈ ആശയത്തെ നമുക്ക് സമീപിക്കാം. എത്ര മനോഹര പരിവേഷം നൽകിയാലും അവയ്ക്ക് പരിമിതികളുണ്ടെന്നും അവിടെ അഭയം പ്രാപിക്കരുതെന്നും ഉറച്ച ബോധ്യം ഉണ്ടാക്കിയെടുക്കാം. പുത്തനുണർവിന്റെ പാഠങ്ങളാകട്ടെ പുതിയ മാധ്യമങ്ങൾ ആഘോഷിക്കുന്നത്. ഈ വർണപ്രപഞ്ചത്തിലാവട്ടെ മലയാളിയുടെ ഭാവനാലോകവും പൂത്തുലയുന്നത്. യാഥാസ്ഥിതികതയിലേക്ക് മടങ്ങാൻ ഒരു പ്രേരണയായി, മനുഷ്യനന്മയ്ക്ക് നിലകൊള്ളാൻ ഒരായുധമായി ഇനിയും അവന്റെ കമ്പ്യൂട്ടിങ്ങൾ ലോകത്തിന് വെളിച്ചമായ് നിലകൊള്ളട്ടെ.......!

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)